അനിൽ രാജ് എന്ന ഗിത്താർ അദ്ധ്യാപകനേയും, കിരൺ ഇഗ്നേഷ്യസ് എന്ന എയ്റോ മോഡലിംഗ് അദ്ധ്യാപകനേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരുവനന്തപുരം ജവഹർ ബാലഭവനിൽ നിയമിച്ചിട്ടുണ്ട്.

(സി) ശ്രീചിത്രാഹോം, ജവഹർ ബാലഭവൻ എന്നിവിടങ്ങളിൽ ആരേയും പിരിച്ചു വിട്ടിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

85 (4969) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്-ന് കീഴിലുള്ള അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സൂപ്പർവൈസർമാരുടെ എണ്ണവും ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ എണ്ണവും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മൂന്നാംഘട്ട ഐ.സി.ഡി.എസ്. വികസനത്തിന്റെ ഭാഗമായി നിലവിലുള്ള 163 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വിഭജിച്ച് 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകളും 871 അംഗൻവാടികളും, 129 മിനി അംഗൻവാടികളും ആരംഭിക്കുന്നതിനും, കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.

അംഗൻവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായുള്ള നിയമനം

86 (4973) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 മാർച്ച് മാസത്തിൽ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടി വർക്കർമാർക്ക് എത്ര ശതമാനമാണ് സൂപ്പർ വൈസർ തസ്തിക നീക്കിവച്ചിരിക്കുന്നത് എന്നറിയിക്കുമോ ;

(സി) അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയിൽ ജോലി ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എത്ര അംഗൻവാടി വർക്കർമാരാണ് 2009-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയതിന്റെ മാനദണ്ഡം എന്താണെന്നറിയിക്കുമോ ;

(എഫ്) പെൻഷൻ ഏർപ്പെടുത്തുന്നതിന് മുമ്പായി അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ജി) സൂപ്പർവൈസർ തസ്തിക പൂർണ്ണമായും അംഗൻവാടി വർക്കർമാർക്കായി സംവരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ ആയതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2008 മാർച്ച് മാസം പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 2004 ഒക്ടോബർ മാസത്തിലാണ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കുള്ള ഏറ്റവും പുതിയ ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചത് 24-6-2010-നാണ്.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ആകെയുള്ള തസ്തികളുടെ 25% നീക്കിവച്ചിട്ടുണ്ട്.

(സി) പത്താം സ്റ്റാന്റേർഡ് വിജയവും, അംഗൻവാടി വർക്കറായി പത്ത് വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. അമ്പത് വയസ്സ് കവിയാൻ പാടില്ല.

(ഡി) 2009-ൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) ജീവനക്കാർക്ക് പ്രായമായി ജോലി ചെയ്യാൻ ബുദ്ധിമുട്ടുകൾ വന്നാലും വിരമിക്കാൻ കഴിയാതെ ജോലിയിൽ തുടരേണ്ട അവസ്ഥ അംഗൻവാടികളിലെ കുഞ്ഞുങ്ങളുടെ പരിചരണത്തേയും മറ്റു പ്രവർത്തനത്തേയും ബാധിച്ചിരിക്കുന്നു. ഇത് പരിഹരിക്കാനാണ് പെൻഷൻ ഏർപ്പെടുത്തിയത്. അംഗൻവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമ നിധിയിൽ അംഗത്വം ഉണ്ടായിരിക്കണം. അംഗൻവാടിയിൽ (ബാലവാടി ഉൾപ്പെടെ) പത്ത് വർഷത്തെ സേവനപരിചയം ഉണ്ടായിരിക്കണം. ഏപ്രിൽ 30-ന് 60 വയസ്സ് പൂർത്തിയായിരിക്കണം.

(എഫ്) അംഗീകൃത അംഗൻവാടി പ്രവർത്തകരുടെ യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന അംഗൻവാടി ക്ഷേമനിധിയുടെ സംസ്ഥാന ഉപദേശക സമിതി വിളിച്ചുകൂട്ടി പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

(ജി) നിലവിൽ 2:1:1 എന്ന അനുപാതത്തിൽ യഥാക്രമം പൊതുവിഭാഗത്തിൽ നിന്നു നേരിട്ടും, അംഗൻവാടി വർക്കർമാരിൽ നിന്നും വകുപ്പിലെ മറ്റു ജീവനക്കാരുടെ പ്രൊമോഷൻ വഴിയും നിയമനം നടത്തുന്നതിനാണ് വകുപ്പിലെ സ്പെഷ്യൽ റൂളിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

നിയമനരീതി മാറ്റുന്നത് പൊതു വിഭാഗത്തിലുള്ളവരേയും പ്രൊമോഷൻ വഴിനിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളേയും ദോഷകരമായി ബാധിക്കുമെന്നതിനാൽ അത്തരമൊരു ഭേദഗതി അഭികാമ്യമല്ല.

ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള അംഗൻവാടി

87 (4975) ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് മാത്രമായി അംഗൻവാടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സാധാരണ കുട്ടികളുമായി ഇടപഴകുന്നതും കളിക്കുന്നതും ഈ കുട്ടികൾക്ക് വളരെയേറെ പ്രയോജനം ലഭിക്കുമെന്നിരിക്കെ, ഓട്ടിസം ബാധിച്ച കുട്ടികൾക്കു മാത്രമായി പ്രത്യേക അംഗൻവാടി വേണ്ടതുണ്ടോയെന്ന് വിദഗ്ദ്ധരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അംഗൻവാടിയിൽ പോകുന്ന പ്രായം കഴിഞ്ഞ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും പരിശീലനത്തിനും വേണ്ടത്ര സൗകര്യങ്ങളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്ക് തുടർവിദ്യാഭ്യാസത്തിനും പരിശീലനത്തിനും ബ്ലോക്ക് അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. ഓട്ടിസം ബാധിച്ച കുട്ടികളുടെ എണ്ണം കുറവാണെങ്കിൽ മറ്റു കുട്ടികളുടെ കൂടെ തന്നെ പ്രവേശിപ്പിക്കാവുന്നതാണ്. എന്നാൽ ഒരു ബ്ലോക്കിലെ ഒരു അംഗൻവാടിയെങ്കിലും ഓട്ടിസം ബാധിച്ച വിഭിന്ന ശേഷിയുള്ളവർക്ക് മാത്രമാക്കുകയും അത്തരം സെന്ററുകളിലെ അംഗൻവാടി പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകി കുട്ടികൾക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നത് നല്ലതായിരിക്കും. ഇതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഓട്ടിസം ബാധിച്ച കുട്ടികളുടെ ബ്ലോക്കുതലത്തിലുള്ള എണ്ണം ശേഖരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ശാരീരിക വൈകല്യമുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള നടപടികൾ

88 (4977) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശാരീരിക വൈകല്യമുള്ളവരുടെ ക്ഷേമത്തിനും, പുനരധിവാസത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly